# കാർട്ടൂണും സ്ഥല-കാലവും ഓ വി വിജയനിൽ

എസ്. ഗോപാലകൃഷ്ണൻ—ഇ. പി. ഉണ്ണി



കാർട്ടൂണും സ്ഥല-കാലവും ഓ വി വിജയനിൽ
എസ്. ഗോപാലകൃഷ്ണൻ—ഇ. പി. ഉണ്ണി
(മലയാളം: സംഭാഷണം)

© 2020, S. Gopalakrishnan

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.


The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Cover: Catroon by E. P. Unny.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# കാർട്ടൂണും സ്ഥല-കാലവും ഓ വി വിജയനിൽ

ഇ പി ഉണ്ണിയുമായി എസ് ഗോപാലകൃഷ്ണൻ നടത്തിയ സംഭാഷണം.




**ഗോപാലകൃഷ്ണൻ:** ഓ വി വിജയന്റെ നവതി വർഷമാണിത്. ഇന്ത്യയിലെ പ്രമുഖനായ പൊളിറ്റിക്കൽ കാർട്ടൂണിസ്റ്റ് എന്ന നിലയിൽ ഉണ്ണിയോട് എന്റെ ആദ്യത്തെ ചോദ്യം... വിജയൻ എന്ന കാർട്ടൂണിസ്റ്റിൽ അസാധാരണമായ intellectual and moral presence ഉണ്ടായിരുന്നു എന്ന് തോന്നിയിട്ടുണ്ട്. ധാർമ്മിക വ്യക്തിത്വം എന്നത് മറ്റു പല കാർട്ടൂണിസ്റ്റുകളിലും സജീവമായിരുന്നു. എന്നാൽ ധൈഷണികവും ധാർമ്മികവുമായ ഒരു ചേരുവ വിജയനിൽ അനന്യം ആയിരുന്നില്ലേ? അതാണോ ആ കാർട്ടൂണുകളെ വ്യത്യസ്തമാക്കിയത്?

**ഉണ്ണി:** അസാധാരണം എന്ന് പറഞ്ഞു തുടങ്ങിയതിനു നന്ദി. അതൊരു മുഖവുരക്ക് അവസരം തരുന്നു. ഈ കാർട്ടൂണിസ്റ്റ് അസാധാരണൻ തന്നെ. എത്രത്തോളം എന്ന് നാം കണ്ടെത്തണം. കാർട്ടൂണിനെക്കുറിച്ചു സംസാരിക്കുമ്പോൾ വിശേഷിച്ചും അളവും അനുപാതങ്ങളും നോക്കണം. വിജയനെ ഞാൻ അന്നന്നാൾ വായിച്ചു പിന്തുടർന്നതാണ്. താങ്കൾ കുറെയൊക്കെ പുറകോട്ടു പോയി വായിച്ചെടുത്തതാവും. ഈ വ്യത്യാസം ഈ സംഭാഷണത്തിൽ ഉടനീളം നാം ഓർക്കണം. അഭിപ്രായഭിന്നതയെക്കാൾ കാഴ്ചപ്പാടിലെ അന്തരം ഉണ്ടാവും. ഇതത്ര വലിയ കാര്യമൊന്നുമല്ല. വിജയൻ വിഗ്രഹമായി കഴിഞ്ഞ സ്ഥിതിക്ക് പക്ഷേ, ഇത്തരം കുറെ ചെറിയ കാര്യങ്ങൾ കൊണ്ട് വേണം നമുക്ക് മറന്നു കിടക്കുന്ന കാർട്ടൂണിസ്റ്റിനെ വീണ്ടെടുക്കാൻ.

അസാധാരണം എന്ന് വിശേഷിപ്പിക്കാൻ എളുപ്പം അന്നത്തേക്കാൾ ഇന്നാണ്. വരച്ച കാലത്ത് വിജയന് സമശീർഷർ ഉണ്ടായിരുന്നു—അബു എബ്രഹാം, രജീന്ദർ പുരി. ഇവർ മൂവരും ചേർന്നാണ് ഇന്ത്യൻ വാർത്താ കാർട്ടൂണിനെ ഒരു എഡിറ്റോറിയൽ കലാരൂപം ആക്കി മാറ്റിയത്. അറുപതുകളിലും എഴുപതുകളിലും ഈ പ്രക്രിയ പൂർത്തിയാക്കിയ ഇവർ പത്രങ്ങൾക്കകത്തും പുറത്തും കാർട്ടൂണിനെ ഉയർത്തി. കണ്ണിന്റെ മുന്നിൽ രാഷ്ട്രീയം കീഴ്മേൽ മറിഞ്ഞ കാലം ആണത്. നല്ല എഴുത്തുകാർക്കും കലാകാരന്മാർക്കും സിനിമാപ്രവർത്തകർക്കും ഒപ്പം അന്ന് ഈ പ്രതിഷേധകലയും സ്ഥാനം കിട്ടി... താങ്കൾ ഉദ്ദേശിച്ച ധൈഷണിക മാനം അങ്ങിനെ വന്നതാണ്.

പിന്നെ, ധാർമ്മികതയുടെ കാര്യം. തൽക്കാലം പിടിച്ചു നില്ക്കാൻ നമുക്ക് വേണ്ടത് നർമ്മമാണ്. ധർമ്മത്തിനൊരു പഞ്ഞവും ഇല്ല. കോവിഡും കൂടി വന്നതോടെ അധികാര സ്ഥാനത്തിരിക്കുന്ന സകലരും നമ്മെ ഉപദേശിച്ചു കൊണ്ടേയിരിക്കുകയാണ്. കിട്ടാവുന്ന നർമ്മം ഒക്കെ നമുക്ക് വേണം—കുഞ്ചൻ, സഞ്ജയൻ, വി കെ എൻ, വിജയൻ, സോഷ്യൽ മീഡിയയിലും മറ്റും ഉള്ള പരിഹാസികളായ ചെറുപ്പക്കാർ.

**ഗോപാലകൃഷ്ണൻ:** ഒരു കാർട്ടൂണിസ്റ്റ് എന്ന പ്രൊഫഷനിൽ ഏറ്റവും പ്രബലമായ അന്ധവിശ്വാസം അത് ചിരി ഉയർത്തണം എന്നതാണ് എന്ന് വിജയൻ പറഞ്ഞിരുന്നു. മൂന്നാം ലോക കാർട്ടൂണിസ്റ്റ് എന്ന് അദ്ദേഹം സ്വയം വിശേഷിപ്പിക്കുകയും ചെയ്തു. പക്ഷേ, സാർവ്വകാലികവും സാർവ്വദേശീയവുമായ, ഇതിഹാസങ്ങളിൽ കാണും വിധമുള്ള, ഒരു പരിഹാസം അധികാരരൂപങ്ങളെ നോക്കി ആ കാർട്ടൂണുകൾ ചെയ്തില്ലേ?

**ഉണ്ണി:** കുട്ടികൃഷ്ണ മാരാര് പറഞ്ഞ വ്യാസന്റെ ചിരിയടക്കം ചിരിയുടെ നാനാർത്ഥങ്ങൾ അറിയാത്ത ആളല്ല വിജയൻ. വിജയൻ പറയുന്നതെല്ലാം അക്ഷരാർത്ഥത്തിൽ എടുക്കാൻ പറ്റില്ല. സാഹിത്യത്തിനു പുറത്ത് അങ്ങേരുടേതു തർക്കത്തിന്റെ ഭാഷയാണ്. ആരെയും കിട്ടിയില്ലെങ്കിൽ മൂപ്പര് അവനവനോട് തന്നെ തർക്കിക്കും. ഈ മൂന്നാം ലോക പ്രയോഗം അതിന്റെ ഭാഗമായി ഇറക്കിയതാവണം.




ഏതായാലും ഇത് ചോദ്യം ചെയ്യപ്പെടണം. വിജയൻ തന്നെ ഒരു മൂന്നാം ലോക കാർട്ടൂണിസ്റ്റല്ല. ഹിന്ദു പത്രത്തിൽ എഡിറ്റ് പേജിൽ ക്രിക്കറ്റിനെക്കുറിച്ചു വരെ വരച്ച ആളാണ്. പാരിസ് മാച്ച് പത്രത്തിൽ വരച്ച ഫ്രഞ്ചുകാരൻ ടിം, ആസ്ത്രേലിയയിൽ നിന്ന് കുടിയേറി അമേരിക്കൻ കാർട്ടൂണിസ്റ്റ് ആയ ഒലിഫാന്റ്, ലണ്ടനിൽ ജോലിചെയ്ത തിരുവിതാംകൂറുകാരനായ അബു എബ്രഹാം, ഹോ ചി മിന്റെ ഭാഗം പിടിച്ചു നിരന്തരം വിയറ്റ്നാമിനെ കുറിച്ചു വരച്ച ഇവരൊക്കെ ഒന്നാം ലോക കാർട്ടൂണിസ്റ്റുകൾ ആവുമോ? പണ്ട് വിറ്റ്ഗെൻസ്റ്റീൻ പറഞ്ഞത് കാർട്ടൂണിനും യോജിക്കും. കാർട്ടൂൺലോകത്തിന്റെ പരിധി കാർട്ടൂൺ ഭാഷയുടെ പരിധിയാണ്. ഭൂപടത്തിലെ രേഖകൾ അടക്കം പല അതിരുകളും ലംഘിക്കുന്ന കലയാണ് കാർട്ടൂൺ. അതുകൊണ്ടാണ് ഈ ഉത്തമ കാർട്ടൂണിസ്റ്റും അധികാരത്തിന്റെ അശ്ലീലതയെ സർവ്വവ്യാപിയായി കണ്ടത്.

**ഗോപാലകൃഷ്ണൻ:** അദ്ദേഹത്തിന്റെ കാർട്ടൂണുകളിൽ ഞാൻ തുടർച്ചയായി കാണുന്ന ഒരു നോട്ടമുണ്ട്... ചെറുത് വലുതിനെ വെല്ലുവിളിക്കുന്നത്... അല്ലെങ്കിൽ ചില മൂല്യാധിഷ്ഠിത മഹത്വങ്ങൾക്കു മുന്നിൽ അപഹാസ്യമാകുന്ന അല്പത്തരങ്ങൾ... ശ്രദ്ധിച്ചിട്ടുണ്ടോ?

**ഉണ്ണി:** ഏതാണ്ട് പതിനെട്ടാം നൂറ്റാണ്ടിനു ശേഷം കാർട്ടൂണിന്റെ ഭാഷ മാറിയിട്ടില്ലെന്ന് പണ്ഡിതർ പറയുന്നു. വൈരുദ്ധ്യങ്ങളിൽ അധിഷ്ഠിതമാണ് ഈ ഭാഷ. കടക വിരുദ്ധമായ രണ്ടു ഘടകങ്ങൾ ചേർത്തുവെക്കുമ്പോൾ ഉണ്ടാകുന്ന സ്ഫോടനം ആണ് കാർട്ടൂൺ... വലുത് ചെറുത്, കറുപ്പ് വെളുപ്പ്, താണത് ഉയർന്നത് ഇത്തരം ധ്രുവങ്ങളിലൂടെയാണ് കാർട്ടൂൺ സരളമായും തീവ്രമായും കാര്യങ്ങൾ പറയുന്നത്. ഇതു വിജയൻ ചെയ്യുമ്പോൾ അതിനു സവിശേഷമായ പ്രഹരശേഷിയുണ്ടാവും. ഇന്നത്തെ കോൺഗ്രസ്സ് പാർട്ടി എത്ര താണു പോയി എന്ന് പറയാൻ ഏതു കാർട്ടൂണിസ്റ്റും ഗാന്ധിജിയെ കൂട്ടുപിടിക്കും. ഇന്ദിരാകാല കോൺഗ്രസ്സിനെ വിജയൻ കൊച്ചാക്കുന്നതു ഗാന്ധിയായി പ്രത്യക്ഷപ്പെടുന്ന ജയപ്രകാശ് നാരായണനെ അവതരിപ്പിച്ചുകൊണ്ടാണ്. എന്നോ മണ്മറഞ്ഞ മഹാത്മാവിന്റെ ഗതകാലത്തെ ഓർമ്മിപ്പിച്ചാൽ മൊത്തത്തിൽ എവിടെയും ഉണ്ടായ മൂല്യച്യുതിയെ കുറിച്ചൊരു പൊതു പരാമർശത്തിൽ എത്തും... അതിലൊരു പങ്ക് മാത്രമേ കോൺഗ്രസ്സ് പാർട്ടിയുടെ കണക്കിൽ വീഴൂ. ഗാന്ധിപറഞ്ഞ കാര്യങ്ങൾ ഏറ്റുപറയുന്ന സമകാലികനായ ജെ പി യെ എന്തിനു ജയിലിൽ അടയ്ക്കുന്നു എന്ന വിജയൻ ചോദിക്കുമ്പോൾ ഇന്ദിരാ ഗാന്ധിയ്ക്ക് ഉത്തരം മുട്ടും.





**ഗോപാലകൃഷ്ണൻ:** മരിച്ചവരോട് സംസാരിക്കുന്ന കാർട്ടൂണുകൾ എന്ന് തോന്നിയിട്ടുണ്ട്. അതായത് ഏത് സമകാലിക വിഷയത്തെ സ്പർശിക്കുമ്പോഴും നൂറ്റാണ്ടുകളുടെ വേരുകൾ... ബോധത്തിന്റെ വേരുകൾ കാണാൻ കഴിയും. അത് ഒരു അനന്യത അല്ലേ?

**ഉണ്ണി:** ചരിത്ര സംഭവങ്ങളുടെ ഓർമ്മകൾ ബാക്കി നിന്ന കാലം ആയിരുന്നു അത്. ഇത് മറ്റാരെക്കാൾ വിജയൻ ഉപയോഗിച്ചു എന്നത് വാസ്തവമാണ്. പ്രമേയങ്ങളിൽ ഊന്നി നിരന്തരമായി വരച്ചു. യുദ്ധം, സമാധാനം, സ്വാതന്ത്ര്യം, പരിസ്ഥിതി, മാർക്സിസം, വിപ്ലവം, വിപ്ലവാനന്തരം, അങ്ങിനെ പോയി ആ അന്വേഷണങ്ങൾ. വാർത്തകളിൽ കോർത്തിട്ടു ഈ സംവാദങ്ങൾ മുറയ്ക്കു കൊണ്ടു നടന്ന മറ്റൊരു കാർട്ടൂണിസ്റ്റ് ഇല്ല. ഒപ്പം നിൽക്കാവുന്ന വായനക്കാരും ഉണ്ടായിരുന്നു. പകൽ കണ്ടു മറക്കുന്നതിനപ്പുറം താൽപര്യമെടുക്കാവുന്ന വിമർശന കലയായി പത്രത്തിലെ ഈ ചതുരത്തെ കണ്ട വായനക്കാർ അന്നുണ്ട്. എല്ലാവരും എല്ലായ്പ്പോഴും കാർട്ടൂണിസ്റ്റിനോട് യോജിച്ചിരുന്നില്ല. തർക്കങ്ങൾ തുടർന്നത് തുടർവായനയ്ക്കു പ്രേരകമായി. വാർത്തകൾ ശിഥിലമായ സാറ്റലൈറ്റ് ടെലിവിഷന്റെ കാലം ആവുമ്പോഴേക്കും വിജയൻ വര നിർത്തി.

ചൈനയും അമേരിക്കയും വിരുദ്ധ ധ്രുവങ്ങളിലേക്കു നീങ്ങിത്തുടങ്ങുന്ന ഇപ്പോൾ വീണ്ടും ലോക രാഷ്ട്രീയത്തിൽ പ്രമേയങ്ങൾ തിരിച്ചു വരുന്നു. തർക്കങ്ങൾ തിരിച്ചു വന്നിട്ടില്ല. കാർട്ടൂണിനും ടീവിക്കും സംഭാഷണം വീണ്ടെടുക്കാവുന്നതാണ്. ആൾക്കാർ ഒന്നിച്ചിരുന്നു സംസാരിക്കുന്ന ടിവിയിൽ നാം കാണുന്നത് അനിഷ്ടം തോന്നുന്ന എന്തിനു നേരെയും നടത്തുന്ന ആക്രോശങ്ങൾ ആണ്. കാർട്ടൂണിസ്റ്റുകൾ ആണെങ്കിൽ പലപ്പോഴും അലസരാണ്. അവരുടെ രീതി പഴയ പോലീസുകാർ സ്റ്റേഷൻ കെഡികളെ പഴിക്കുന്നതുപോലെ സ്ഥിരം ശത്രുക്കളെ കണ്ടെത്തി നിരന്തരം ആക്രമിക്കുക എന്നതാണ്.

കേരളത്തിലെ കാർട്ടൂണിസ്റ്റുകൾ നീണ്ട പത്ത് വർഷം മൻമോഹൻ സിംഗ് എന്ന പ്രധാനമന്ത്രിയെ ഒരേ പോലെ ചിത്രീകരിച്ചു. അമേരിക്കയോടും സോണിയ കുടുംബത്തോടും പരിപൂർണ്ണ വിധേയത്വമുള്ള ഒരു ദുർബ്ബലനായി. ഇപ്പോൾ ഈ മോദികാലത്ത് സിംഗിൽ അല്പ സ്വല്പം മഹത്വം കണ്ടെത്തി തുടങ്ങിയിട്ടുണ്ട്. ഇതെല്ലം മറക്കുന്ന മണ്ടന്മാരാണ് വായനക്കാർ എന്ന വിശ്വാസം മാധ്യമങ്ങളിൽ ബാക്കി നിൽക്കുന്നു.

വിജയനെ അനന്യൻ ആക്കുന്നത് വായനക്കാരേക്കുറിച്ചു അദ്ദേഹത്തിനുള്ള ഉയർന്ന സങ്കൽപം ആണ്. അവരോടു കൗശലം കാണിച്ച പ്രീണനം നടത്തുകയല്ല യോജിച്ചും വിയോജിച്ചും മുന്നേറുകയാണ് വേണ്ടതെന്ന വിശ്വാസം. കാർട്ടൂണിസ്റ്റ് എക്കാലത്തും ജനപ്രിയനാവാൻ ശ്രമിക്കരുത് എന്ന് വിജയൻ ഒരിക്കൽ പറഞ്ഞിട്ടുണ്ട്. ചിലപ്പോൾ എങ്കിലും വായനക്കാരുടെ താൽപര്യങ്ങൾക്ക് നേർ എതിരായി വരക്കണം എന്നും. ഇതു കേട്ടാൽ ഇന്നത്തെ ചില പത്രങ്ങളിലെ മാർക്കറ്റിംഗ് വൈസ് പ്രസിഡന്റ്മാർ പരേതനായ വിജയന്റെ രാജി ആവശ്യപ്പെടും.




THE CREATURES OUTSIDE LOOKED FROM PIG TO MAN, AND FROM MAN TO PIG, AND FROM PIG TO MAN AGAIN; BUT ALREADY IT WAS IMPOSSIBLE TO SAY WHICH WAS WHICH.

**ഗോപാലകൃഷ്ണൻ:** ഇന്ത്യൻ കാർട്ടൂണുകളിൽ പരിചിതമല്ലാത്ത ഘടകങ്ങൾ (elements) അദ്ദേഹം കൊണ്ടുവന്നതായി തോന്നി. മുൻപേ പറക്കുന്നതുപോലെ. digital കാലത്തേത് എന്ന തോന്നിപ്പിക്കുന്ന വരയിലെ അംശങ്ങൾ... കറുപ്പിന്റെ പ്രയോഗം, നിഴലുകളുടെ ഉപയോഗം, ജ്യാമിതീയ പരീക്ഷണങ്ങൾ... ചാര നിറങ്ങളിലെ മെലിഞ്ഞ stripes ഇങ്ങനെ. വിജയന് ഏതെങ്കിലും മുൻമാതൃകകൾ ഉണ്ടായിരുന്നോ?

**ഉണ്ണി:** അറുപതുകളിൽ പാശ്ചാത്യ ചിത്രകലയെ അടുത്തറിഞ്ഞ ദില്ലിചിത്രകാരന്മാരുമായി വിജയന് നല്ല അടുപ്പമായിരുന്നു. ജെ സ്വാമിനാഥനെ പോലെ കുറെ പേരുമായി വ്യക്തി സൌഹൃദം ഉണ്ടായിരുന്നു. സ്ഥിരമായി കലാനിരൂപണം എഴുതിയിരുന്നു. അന്നത്തെ ചിത്ര-ശില്പ കലകൾക്കകത്തു വേണ്ടത്ര കലാപം ഉണ്ടായിരുന്നതുകൊണ്ട് കാർട്ടൂണിനു അനുഗുണമായ വികടദൃശ്യസാദ്ധ്യതകൾ വിജയൻ കണ്ടെത്തിയിരിക്കും. അസാമാന്യമായ ദൃശ്യസമ്പത്തുള്ള ഒരാൾക്കേ ഇങ്ങിനെ വരയ്ക്കാൻ പറ്റൂ.

ശങ്കർ ഒക്കെ കൊണ്ടു നടന്ന ഫോട്ടോഗ്രാഫിക് കാരികേച്ചറിനപ്പുറം ജ്യാമിതീയമായി രൂപാന്തരം പ്രാപിച്ച ശൈലി ഇങ്ങിനെ വന്നതാണ്. ഇതിനിടയ്ക്ക് മുഖച്ഛായ അടക്കം കാരികേച്ചറിന്റെ സർവ്വ ലക്ഷണങ്ങളും ഭംഗിയായി നില നിർത്തി എന്നിടത്താണ് കരവിരുത്.

**ഗോപാലകൃഷ്ണൻ:** ആഷിസ് നന്ദി പറഞ്ഞു, ആവശ്യത്തിൽ കൂടുതലായ സംഘടിത ദേശീയത കണ്ടു മടുത്തവർക്ക് സത്യത്തിലേക്ക് തിരിച്ചു വെച്ച കണ്ണാടിയായിരുന്നു വിജയൻ എന്ന്... അപ്പോൾ ഇന്നായിരുന്നെങ്കിലോ?

**ഉണ്ണി:** തൊട്ടതിനൊക്കെ രാജ്യദ്രോഹം ചുമത്തുന്ന ഭരണകൂടത്തെ കണ്ടു ആദ്യം ഒന്ന് ഭയന്നേനെ. എന്നിട്ട് കൂസലില്ലാതെ വരച്ചേനെ. മെക്കാളെ പ്രഭുവിനെ സ്ഥിരം കഥാപാത്രം ആക്കി ദേശസ്നേഹത്തെ സായ്പിന്റെ കണ്ണുകളിലൂടെ കാണുന്ന ദേശീയ നേതാക്കളെ കണക്കിന് കളിയാക്കിയേനെ. മെക്കാളെയുടെ പീനൽ കോഡിൽ ഉള്ളതും അംബേദ്കരുടെ ഭരണഘടനയിൽ ഇല്ലാത്തതുമായ ഒന്നാണ് ഇന്ന് ഏതു തഹസിൽദാരും എടുത്തു വീശുന്ന ഈ കപട ദേശഭക്തി എന്ന് കൂടെ കൂടെ ഓർമ്മിപ്പിച്ചേനെ.

വിജയൻ കാർട്ടൂൺ രംഗം വിട്ട് അല്പകാലത്തിനുള്ളിൽ നാട്ടിലെ ഏതാണ്ടെല്ലാ രാഷ്ട്രീയ കക്ഷികളും കേന്ദ്രത്തിൽ അധികാരം രുചിച്ചു കഴിഞ്ഞു. ഭരിക്കുമ്പോൾ മെക്കാളെയെ കൂട്ടു പിടിക്കുക, പ്രതിപക്ഷത്തിരിക്കുമ്പോൾ അംബേദ്കരുടെ ഭരണഘടനയെ പിടിച്ചു ആണയിടുക ഇതാണ് പതിവ്. ഇതിനപ്പുറം അടിസ്ഥാന ജനാധിപത്യത്തിനുവേണ്ടി മൂല്യവത്തായി നമ്മൾ തിരഞ്ഞെടുക്കുന്നവർ എന്തെങ്കിലും ചെയ്യും എന്ന് പ്രതീക്ഷിക്കണ്ട. ഈ തിരിച്ചറിവോടെ കഴിഞ്ഞ രണ്ടു മൂന്നു കൊല്ലം ആയിട്ട് ഭരണഘടനയെ ഏറ്റുപിടിക്കുന്ന ഒരു പ്രതിരോധം സുപ്രീം കോടതിയിലെ കുറെ ചെറുപ്പക്കാരായ വക്കീലന്മാർ തുടങ്ങി വെച്ചിട്ടുണ്ട്. ഇവർ അത്യാവശ്യം മുഖ്യധാരയിലും സാമൂഹ്യ മാധ്യമങ്ങളിലും ശ്രദ്ധിക്കപ്പെടുന്നുണ്ട്. ഇതിന്റെ കൂടെ ഭരണഘടനയെ കേന്ദ്രീകരിച്ചു അങ്ങിങ്ങ് കാർട്ടൂണുകൾ കണ്ടു തുടങ്ങിയിട്ടുണ്ട്. ഈ ചുവടുപിടിച്ചു വിജയൻ ഒരു സക്രിയ കാർട്ടൂൺ ധാര തന്നെ സൃഷ്ടിച്ചേനെ.



**ഗോപാലകൃഷ്ണൻ:** ഇന്ദിരാഗാന്ധിയുടെ കാർട്ടൂൺ സാക്ഷരത എത്രയായിരുന്നു? ഭാവി അവരെ ഓർക്കുന്നത് ഒരു പക്ഷേ വിജയൻ വരച്ച ലോകോത്തര കാർട്ടൂണുകളിലൂടെ കൂടി ആയിരിക്കും... എന്തു തോന്നുന്നു, ഇന്ദിരാഗാന്ധിയ്ക്ക് വിജയനെ മനസ്സിലായിക്കാണുമോ? ശങ്കറിനെ നെഹ്രുവിനും, വിജയനെ ഇ. എം. എസ്സിനും മനസ്സിലായതുപോലെ?

**ഉണ്ണി:** നെഹ്റുവിനു സമ്പൂർണ്ണ കാർട്ടൂൺ സാക്ഷരതയുണ്ടായിരുന്നു. ഇന്ദിരാ ഗാന്ധിക്ക് ക്ഷണിക സാക്ഷരത. അവർക്ക് ചിലപ്പോളൊക്കെ കാർട്ടൂൺ മനസ്സിലായിരുന്നു എന്ന വേണം ധരിക്കാൻ.

ശങ്കറിന്റെ ഓഫീസിൽ ചെന്ന് നെഹ്റു പ്രത്യക്ഷപ്പെട്ട കാർട്ടൂൺ ഒറിജിനലുകൾ തപ്പിയെടുത്തു ഫ്രെയിം ചെയ്തു വർഷാവർഷം അച്ഛനു പിറന്നാൾ സമ്മാനമായി കൊടുത്തിരുന്നു അവർ. അധികാരത്തിൽ വന്നതിനു ശേഷം സ്റ്റേറ്റ്സ്മെനിൽ വന്ന, തന്നെക്കുറിച്ചുള്ള രജീന്ദർ പുരിയുടെ കാർട്ടൂണുകളെ പറ്റി പത്രം നടത്തിയിരുന്ന ട്രസ്റ്റിന്റെ തലപ്പത്തുള്ള ജെ ആർ ഡി ടാറ്റയെ വിളിച്ചു പരാതി പറഞ്ഞതും അവർ തന്നെ. പിന്നീട്, അബു എബ്രഹാമിനെ നേരിട്ട് ഫോണിൽ വിളിച്ചു രാജ്യസഭാംഗം ആക്കിയതും അവർ.

ഇ. എം. എസ്സ്. കാർട്ടൂൺ ശ്രദ്ധിച്ചിരുന്നു. ശങ്കറിനെ ഇഷ്ടമായിരുന്നു, അരവിന്ദനെയും. വിജയനിൽ തന്നിൽ തന്നെയുള്ള താർക്കികനെ കണ്ടിരിക്കണം. എഴുപതുകളുടെ ആദ്യം കേരളത്തിൽ വന്ന വിജയൻ എവിടെയോ സംസാരിച്ചതിന്റെ പത്ര വാർത്ത വന്നു. യഥാർഥ വിപ്ലവം ഉണ്ടാവേണ്ടത് ദുഃഖത്തിൽ നിന്നാണ് എന്ന്. പിറ്റേന്നു തന്നെ ഇ. എം. എസ്സ്. തിരിച്ചടിച്ചു. ദുഃഖം കൊണ്ടല്ല ക്രോധം കൊണ്ടാണ് വിപ്ലവം ഉണ്ടാവുക. ഇതു രണ്ടും വായിച്ചിട്ട് മിഡിൽ സ്കൂളിനപ്പുറം വിദ്യാഭ്യാസം ഇല്ലാത്ത നമ്പൂതിരിപ്പാടിനോടു അപാര ബഹുമാനമുള്ള ഒരു പത്രവായനക്കാരി വിട്ടുമ്മ സംസ്കൃത ശ്ലോകം ചൊല്ലി വിജയന് അനുകൂലമായി വിധിച്ചു. ഇ. എം. എസ്സിനെയും വിജയനെയും മതിപ്പോടെ കാണാൻ അന്നാകമായിരുന്നു...

**ഗോപാലകൃഷ്ണൻ:** Autumnal sorrow of Shankar (ശങ്കറിന്റെ വാർദ്ധക്യ ദുഃഖം) എന്ന് വിജയൻ പറഞ്ഞിട്ടുണ്ട് ശങ്കർ-നെഹ്റു അവസാനകാലത്തെ കുറിച്ചു പറയുമ്പോൾ. വിജയനും ഇങ്ങനെ ഒരു വ്യസനം ഇടതുപക്ഷത്തെ പ്രതി അനുഭവിക്കുകയും വിജയൻ ശരിയെന്നു തെളിയുകയും ചെയ്തില്ലേ?

**ഉണ്ണി:** സാമ്യം ഉണ്ട്. നെഹ്റുവിന്റെ മകൾ പത്രങ്ങൾക്കു സെൻസർഷിപ് പ്രഖ്യാപിച്ച ആഴ്ചകൾക്കകം ശങ്കേഴ്സ് വീക്കിലി പൂട്ടുമ്പോൾ വിടവാങ്ങൽ കുറിപ്പിൽ ശങ്കർ എഴുതി അടിയന്തിരാവസ്ഥയെ ഒക്കെ ഞങ്ങൾ സുഗമമായി കൈകാര്യം ചെയ്തേനെ എന്ന്. പ്രസിദ്ധീകരണം ഈ പ്രായത്തിൽ കൊണ്ടു നടത്താനുള്ള പ്രായോഗിക ബുദ്ധിമുട്ടുകൾ കാരണം പൂട്ടുന്നു എന്നും. കാരണം എന്തായാലും ശങ്കറിനു വാർദ്ധക്യത്തിൽ ഏറ്റ അടിയാണത്.

ഇടതു ശാപം വിജയന്റെ മേൽ വന്നു വീഴുന്നത് മധ്യ വയസ്സിലാണ്. എഴുത്തും വരയും കത്തിനിന്ന കാലത്തുടനീളം അത് തുടർന്നു എന്നത് ഖേദകരം.

ഇടതുപക്ഷത്തെ സ്വക്ഷേത്രമായി കണ്ടുകൊണ്ടാണ് വിജയൻ സ്വന്തം വീട്ടിലുള്ള ദുഃസ്വാതന്ത്ര്യം എടുത്തു നിരന്തരം കലഹിച്ചത്. 1977-ൽ അടിയന്തിരാവസ്ഥക്കാലത്തു നടന്ന തിരഞ്ഞെടുപ്പിൽ മാർക്സിസ്റ്റ് പാർട്ടി വിജയന്റെ "സമയത്തിനോടുന്ന വണ്ടി വരുന്നേ..." എന്ന കാർട്ടൂൺ ചുമർ പരസ്യമായി ഉപയോഗിച്ചു. ജയിൽ അറകളായ ബോഗികൾ വലിച്ചുകൊണ്ടു നമ്മുടെ കാഴ്ചയിലേക്ക് ഓടി കയറുന്ന തീവണ്ടി. വാഗൺ ട്രാജഡി തൊട്ടു ഓഷ്വിറ്റ്സിലേക്കുള്ള ജൂതരുടെ യാത്രയെ വരെ ഓർമ്മിപ്പിക്കുന്ന പരുക്കൻ പോസ്റ്റർ സ്വഭാവം ഇതിനുണ്ടായിരുന്നു. അത് മനസ്സിലാക്കിതന്നെയാവണം അന്ന് പാർട്ടി ചിത്രത്തെ പ്രചരണായുധം ആക്കിയത്.

വിശാലമായ ഒരു ഇടതു ജനാധിപത്യ പ്രതിരോധത്തിന്റെ പ്രസക്തി വിളിച്ചോതിയ ആ രാഷ്ട്രീയ മുഹൂർത്തത്തിൽ വിജയന്റെ വിലക്ക് തീരും എന്ന് ചില സരള മനസ്കർ ധരിച്ചു. അതൊന്നും ഉണ്ടായില്ല. തുടർന്നു എം ഗോവിന്ദനെയും സുകുമാർ അഴീക്കോടിനെയും ഒക്കെ പുനരധിവസിപ്പിച്ച പാർട്ടി വിജയനോട് മുഖം തിരിച്ചു തന്നെ നിന്നു. മരണാനന്തരം ആണെന്ന് തോന്നുന്നു ഒടുവിൽ മാപ്പ് കൊടുത്തത്...




**ഗോപാലകൃഷ്ണൻ:** വിജയന്റെ മനുഷ്യരൂപങ്ങൾ പരിണമിച്ചുണ്ടാകുന്നതുപോലെ എന്നെനിക്കു തോന്നിയിട്ടുണ്ട്... മറ്റു ജീവരൂപങ്ങളോട് സാദൃശ്യം... ചിലപ്പോൾ കിളി, ചിലപ്പോൾ പുഴു, ചിലപ്പോൾ പാമ്പ്, ചിലപ്പോൾ ആട്, ചിലപ്പോൾ പന്നി... ജീവപരിണാമത്തെ കുറിച്ചോർക്കുന്ന ഒരാളെ ഞാൻ വിജയനിലെ കാർട്ടൂണിസ്റ്റിൽ കാണാറുണ്ട്... എന്തു തോന്നുന്നു?

**ഉണ്ണി:** അബുവിന്റെ കാരികേച്ചറിലും ഇതുണ്ട്. സദാനന്ദ് മേനോൻ ഇതെടുത്തെഴുതിയിട്ടുണ്ട്. അബുവിന്റെ വാക്കുകളിൽ, "ആന എന്താണ്, നീണ്ട മൂക്കുള്ള ഒരു പന്നിയല്ലേ."

കാർട്ടൂണിനു ഏതാണ്ടൊരു മൂല ഭാഷയുണ്ട്. അതിൽ പക്ഷിമൃഗാദികളും വൃക്ഷലതാദികളും മനുഷ്യരൂപവുമായി ബന്ധപ്പെട്ടു കിടക്കുന്നു. അബുവും വിജയനും ഈ ജൈവ പാതയിലൂടെ തലങ്ങും വിലങ്ങും നടന്നിട്ടുണ്ട്. The Animals who Govern Us (നമ്മെ ഭരിക്കുന്ന മൃഗങ്ങൾ) എന്ന പേരിൽ എൺപതുകളിൽ യൂറോപ്പിൽ ഒരു കാർട്ടൂൺ പുസ്തകം ഇറങ്ങി. അന്ന് അധികാരത്തിലുള്ള മാർഗരറ്റ് താച്ചർ, റൊണാൾഡ് റീഗൻ, ഫിഡൽ കാസ്ട്രോ തുടങ്ങിയ ലോകനേതാക്കന്മാരുടെ രൂപസാമ്യമുള്ള പക്ഷിമൃഗാദികളെ വരച്ചു ഫലിപ്പിച്ചിട്ടുണ്ട് ഇതിൽ.

ഇങ്ങനെ വരച്ചതിനു തുറുങ്കിൽ അടക്കപ്പെട്ട ഒരു പ്രശസ്ത കാർട്ടൂണിസ്റ്റുണ്ട്. 1830-ൽ ചാൾസ് ഫിലിപോൺ ഫ്രാൻസിലെ രാജാവ് ലൂയി ഫിലിപ്പിനെ ഒരു സബർജില്ലിയായി വരച്ചുവെച്ചു... തമ്പുരാനെ പഴവർഗ്ഗമാക്കി അവഹേളിച്ചതിനു ജയിലിൽ ആയി. വരച്ചുകൊണ്ടാണ് പ്രതി കേസ് വാദിച്ചത്. രാജകീയ ശിരസ്സിനെ പ്രത്യക്ഷ രൂപത്തിൽ ആദ്യം വരച്ചു കാണിച്ചു. തുടർന്നു ഘട്ടം ഘട്ടമായി വ്യതിയാനം വരുത്തി സബർജില്ലിയിൽ എത്തിച്ചു. ജൂറിയെ ബോധ്യപ്പെടുത്തി താൻ കുറ്റക്കാരനല്ല എന്ന്. രാജൻ എങ്ങിനെ കാണപ്പെടുന്നുവോ അങ്ങിനെ വരച്ചു. അത്ര മാത്രം. ഫിലിപോണെ വിട്ടയച്ചു.

**ഗോപാലകൃഷ്ണൻ:** അടിയന്തിരാവസ്ഥക്കാലത്ത് വിജയൻ കാർട്ടൂൺ ചെയ്തില്ല. അതുകൊണ്ടാണോ ധർമ്മപുരാണത്തിൽ മാത്രം നമുക്ക് ഒരു കാർട്ടൂണിസ്റ്റിനെ കാണാൻ കഴിയുന്നത്?

**ഉണ്ണി:** അടിയന്തിരാവസ്ഥക്കു മുമ്പേ വിജയൻ ധർമ്മപുരാണം എഴുതിത്തുടങ്ങിയിരുന്നു. അതിൽ അടിയന്തിരാവസ്ഥ എന്നൊരു അദ്ധ്യായവും ഉണ്ടായിരുന്നു.

കമ്പോട് കമ്പ് കനത്ത രാഷ്ട്രീയം, തീവ്രമായ ആക്ഷേപ ഹാസ്യം, ഒക്കെയുണ്ട് നോവലിൽ. ശരി തന്നെ. എന്നാൽ വിജയന്റെ കൃതികളിൽ ഒരു പക്ഷേ, ഏറ്റവും കുറവ് കാർട്ടൂൺ ഞാൻ കാണുന്നത് ധർമ്മപുരാണത്തിലാണ്. മങ്കര, ഇരിഞ്ഞാലക്കുട, ചെമ്മീൻ തുടങ്ങിയ കഥകളിലും ഖസാക്കിലുമൊക്കെയാണ് വിജയന്റെ കയ്യൊപ്പുള്ള നർമ്മം. അധികാരത്തിനെതിരെയുള്ള അന്തിമ വിധി പോലൊന്ന് ധർമ്മപുരാണത്തിൽ ഉണ്ട്. ഇനിയങ്ങോട്ടൊന്നുമില്ല എന്ന മട്ടിൽ.

സാഹിത്യ നിരൂപണത്തിനുള്ള ശ്രമം ഒന്നും അല്ലിത്. ആ നോവലിൽ വിജയൻ എന്ന കാർട്ടൂണിസ്റ്റിന്റെ സാന്നിദ്ധ്യം കുറവാണ് എന്ന് മാത്രമാണ് പറയുന്നത്. വിജയന്റെ കാർട്ടൂൺ സംസ്കാരം വേറൊയാണ്. നേരത്തെ പറഞ്ഞ പോലെ പ്രകോപിപ്പിക്കുക തർക്കിക്കുക പാലക്കാടൻ ഭാഷയിൽ 'കൂട്ടം കൂടുക'... ഇന്നത്തെ പൊതു സമൂഹം പരീക്ഷിക്കേണ്ട വഴിയാണിത്.




**ഗോപാലകൃഷ്ണൻ:** "സല്ലൂൺ ഫലിതം ഇന്ത്യൻ ജനാധിപത്യത്തിൽ പറ്റില്ല. എന്റെ നാട് ഒരു ജനാധിപത്യ ദ്വീപാണ്. പക്ഷേ നാലുപാടുനിന്നും ഭ്രാന്തൻ തിരകൾ കരയെടുക്കുന്ന ദ്വീപ്... നിങ്ങൾ എന്താണ് ഒരു കാർട്ടൂണിസ്റ്റിൽ നിന്നും പ്രതീക്ഷിക്കുന്നത്? ഞാൻ ചിരിക്കണോ അതോ കരയണോ?" എന്തായിരുന്നു വിജയന്റെ സ്ഥായി?

**ഉണ്ണി:** വിജയന്റെ കാർട്ടൂണുകൾ ഗവേഷണം ചെയ്തെഴുതിയ സുന്ദർ രാമനാഥയ്യർ ഈ തീവ്രമായ വ്യാകലതകൾ ഉത്തമ കാർട്ടൂണിസ്റ്റിന്റെ ലക്ഷണമായി തന്നെ കാണുന്നു. വിജയന്റെ പ്രതിഭയെ ഇത്രയും തന്നെ മാനിച്ച സദാനന്ദ് മേനോൻ പറയുന്നത് പക്ഷേ, കാർട്ടൂണിലെ രാഷ്ട്രീയത്തെ തെളിഞ്ഞു കാണാൻ അനുവദിക്കാതെ തീക്ഷ്ണമായ ഒരു ഇരുണ്ട ദർശനം ഗ്രസിച്ചിട്ടുണ്ട് എന്നാണ്. ഇത്തരം കുറെ തീരാ തർക്കങ്ങൾ ബാക്കി വെച്ചിട്ടാണ് ആൾ പോയത്. അതുകൊണ്ടു കൂടിയാവണം നമുക്ക് കൂടെക്കൂടെ വിജയനിലേക്ക് മടങ്ങാൻ തോന്നുന്നത്...

**ഗോപാലകൃഷ്ണൻ:** വിജയൻ പറഞ്ഞ ഒരു ഫലിതം പറയാം... "ഒരാളെ anti-communist ആക്കണമെങ്കിൽ ഒരിക്കൽ സോവിയറ്റ് യൂണിയനിലോ കിഴക്കൻ യൂറോപ്പിലോ അയച്ചാൽ മതി എന്ന് കേട്ടിട്ടുണ്ട്. എനിക്ക് ധനലാഭവും ഉണ്ടായി. യാത്രാക്ലേശം ഉണ്ടായതുമില്ല. ഞാൻ Patriot ൽ പണിയെടുത്തു" ഇനിയാണ് എന്റെ ചോദ്യം... കേരളത്തിലെ മുഖ്യധാരാ ഇടതുപക്ഷം വിജയനെ തെറ്റായി മനസ്സിലാക്കിയതിന് ഒരു പ്രധാന കാരണം അദ്ദേഹത്തിന്റെ കാർട്ടൂണുകൾ കാണാൻ മെനക്കെടാതെ, പിൽക്കാല എഴുത്തുകളിലെ സ്വതന്ത്രാന്വേഷണങ്ങളെ മാത്രം കണ്ടതുകൊണ്ടല്ലേ?

**ഉണ്ണി:** കേരളത്തിനു അകത്തും പുറത്തുമുള്ള ഇടതുമനസ്കർ വിജയനോട് ഇണങ്ങിയും പിണങ്ങിയും നിന്നു. കേരളത്തിലെ പാർട്ടി പക്ഷേ, വാതിൽ കൊട്ടിയടച്ചു. പ്രകോപനം കാർട്ടൂണുകളെക്കാൾ ഖസാക്കായിരുന്നിരിക്കണം. നോവലിൽ പച്ച പാലക്കാടൻ ഉപഭാഷയിൽ ആയിരുന്നു പൂശൽ. വിജയന്റെ വരയ്ക്കു ഇതിലും മയമുണ്ട്. ആശയതലത്തിലാവും വിമർശം. അത് താങ്ങും. കറകളഞ്ഞ പരിഹാസം പാർട്ടിക്ക് സഹിക്കില്ല. തിരിച്ചടിക്കാനുള്ള നർമ്മ ബോധം അത്ര സുലഭവുമല്ല.

പിന്നെ, കാർട്ടൂണിനെ ചീത്ത വിളിക്കുന്നത് അക്കാലത്തൊരു കുറച്ചിൽ ആയിരുന്നു. അപ്പോൾ വിജയൻ തുടർന്നെഴുതിയതിനെ ചികഞ്ഞുനോക്കി എതിർത്തു. അന്നന്നാളത്തെ രാഷ്ട്രീയ ന്യായം വെച്ചു നോക്കുമ്പോൾ ചില എതിർപ്പുകളിൽ സാംഗത്യം ഉണ്ട്. പാർട്ടിക്കാർ മാത്രമല്ല, പുറത്തുള്ള ഇടതുപക്ഷക്കാരും ചിലപ്പോളെങ്കിലും വിയോജിച്ചിട്ടുണ്ട്. ഇതൊക്കെ സ്ഥിരമായി വരയ്ക്കുകയും രാഷ്ട്രീയ കോളം എഴുതുകയും ചെയ്യുന്ന ഒരാൾ പ്രതീക്ഷിക്കേണ്ടത് തന്നെ.

അയിത്തം കല്പിച്ചതാണ് പാർട്ടി ചെയ്ത ക്രൂരത. അടിസ്ഥാനപരമായി മാർക്സിസത്തിന് ചേരാത്ത അലിഖിത ഫ്യൂഡൽ വിലക്ക്. അതോടെ പാർട്ടി വൃത്തങ്ങളിൽ എന്നെങ്കിലും വിജയനെ സൂക്ഷ്മ പാരായണം ചെയ്യാനുള്ള സർവ്വ സാദ്ധ്യതയും പോയി. ഇന്ന് പല കാരണങ്ങൾ കൊണ്ട് വിജയൻ പാർട്ടിക്ക് അഭിമതൻ ആയിരിക്കുന്നു. അല്പം വൈകിപ്പോയി. അവകാശ വാദവുമായി മറ്റുള്ളവരും രംഗത്തുണ്ട്. അപ്പോൾ അങ്ങേരെ വീതം വെക്കേണ്ടി വരുന്നു.

പാലക്കാട്ട് നൂറണിക്ക് പോകുന്ന വഴി കോഴിക്കാര തെരുവിനടുത്ത് ഏതാണ്ട് പത്ത് കൊല്ലം മുമ്പ് വിജയന്റെ ഒരു ക്യൂബിസ്റ്റു സ്മാരകം പ്രത്യക്ഷപ്പെട്ടു. തിരക്കേറിയ റോഡ് രണ്ടായി പിരിയുന്ന സ്ഥലത്താണ് സ്തൂപം. അർദ്ധ രാത്രിക്കും ഹർത്താൽ ദിനങ്ങളിലും ട്രാഫിക് നിലയ്ക്കുമ്പോളേ ഇത് കണ്ണിൽ പെടൂ. ആരും ശ്രദ്ധിക്കാതെ ഇത് വന്ന പോലെ ഒരു ദിവസം അപ്രത്യക്ഷമായി. പിന്നെ കോട്ടമൈതാനത്ത് തിരക്കൊട്ടും കുറവല്ലാത്ത മറ്റൊരിടത്ത് പേര് വെളിപ്പെടുത്താതെ കണ്ടാൽ അറിയാവുന്ന രൂപത്തിൽ പുതിയൊരു പ്രതിമ പൊങ്ങി. ഇന്ത്യ കണ്ടിട്ടുള്ള ഏറ്റവും വലിയ വിഗ്രഹഭഞ്ജകരിൽ ഒരാളെ ഇങ്ങനെ തന്നെ ആദരിക്കണം. എപ്പോഴോ നല്ല ബുദ്ധി തോന്നി പ്രതിമ തസ്രാക്കിലെ സുരക്ഷിതത്വത്തിലേക്ക് പലായനം ചെയ്തു എന്ന് കേൾക്കുന്നു.




**ഗോപാലകൃഷ്ണൻ:** ഭാഷാകേരളം വിജയനിലെ എഴുത്തുകാരനെ ആഘോഷിക്കുകയും ലോകോത്തര കാർട്ടൂണിസ്റ്റിനെ കാണാതെ പോവുകയും ചെയ്യുന്ന എന്ന വ്യസനം വ്യക്തിപരമായി കൊണ്ടുനടക്കുന്ന ആളാണ് ഞാൻ. എന്തെങ്കിലും പറയാനുണ്ടോ?

**ഉണ്ണി:** മേൽ പറഞ്ഞ കാര്യങ്ങളുടെ തുടർച്ചയായിട്ടു പറയാം.

കനത്ത മൌനത്തിൽ നിൽക്കുന്ന പ്രതിമയെ നിലനിർത്താൻ വിഷമമില്ല. കല്ലിനു ജീവൻ വെച്ചാൽ, പേന കയ്യിൽ എടുത്താൽ വരക്കാതെ നോക്കണം. എഴുതാൻ അനുവദിക്കാം. എഴുത്തു എങ്ങിനെയും വ്യാഖ്യാനിച്ചെടുക്കാം. കാർട്ടൂൺ തൊണ്ടയിൽ കുടുങ്ങും.

മരണാനന്തരം വിജയന് വിശ്രമം ഇല്ല. സകല സർവീസ് ചട്ടങ്ങളും മറികടന്നാണ് മൂപ്പരെ സാംസ്കാരിക കേരളം നിയമിച്ചിരിക്കുന്നത്. പകൽ നേരത്ത് സഖാവ്; സന്ധ്യ കഴിഞ്ഞാൽ ഭക്തൻ. കാവിയും ചുവപ്പും ചുവപ്പിനാകാവുന്ന കാവിയും ഒക്കെ തരം പോലെ കണ്ടെത്തി ആസ്വദിക്കാം.

കാർട്ടൂൺ കണ്ടു തുടങ്ങിയാൽ ഈ പൊതു സ്വീകാര്യതയിലെ വൈരുദ്ധ്യങ്ങൾ ഒന്നൊന്നായി തെളിഞ്ഞു വരും. വായനക്കാർ ചോദ്യം ചോദിച്ചു തുടങ്ങും, വിജയനെ പോലെ. ഇനിയങ്ങോട്ട് കാർട്ടൂണുകൾ മാറ്റിവെക്കാനും വയ്യ. ലോകത്തെവിടെയും ഇതുപോലെ രണ്ട് സർഗ്ഗ മേഖലകളിൽ പ്രതിഭയുള്ള അധികം പേരില്ല. മലയാളവായനാലോകത്തിന്റെ പുറത്ത് വിജയനെ എത്തിക്കാൻ കാർട്ടൂണുകൾ വേണം താനും.

ഇവിടെയാണ് പ്രശ്നം. ആ കാർട്ടൂണുകൾ ഇവിട്ടുള്ളവരും കണ്ടു തുടങ്ങും. വിജയൻ കാർട്ടൂണിസ്റ്റും കൂടി ആണെന്ന കാര്യം അറിഞ്ഞു വരുമ്പോൾ വിലയിരുത്തലുകൾ മാറാം. പ്രത്യേകിച്ചു വായന തന്നെ മാറിത്തുടങ്ങുന്ന ഇന്ന്. പഴയ ശ്രദ്ധ സാഹിതീയ വായനക്കാരുടെ കൂടെ ഇപ്പോൾ സിനിമാ കാർട്ടൂൺ സാക്ഷരതയുള്ള വായനക്കാരും കയറി വരുന്നു. അതോടെ വിഗ്രഹം ഇളക്കി പ്രതിഷ്ഠിക്കേണ്ടി വന്നേക്കാം. ചിലപ്പോൾ പുനഃപ്രതിഷ്ഠ തന്നെ പറ്റാതെയാവും. അന്നായിരിക്കും വിജയന്റെ വിജയം.

□

## ഇ. പി. ഉണ്ണി



1954-ൽ പാലക്കാട്ട ജനിച്ചു. കേരള സർവകലാശാലയിൽ നിന്നും ഭൗതികശാസ്ത്രത്തിൽ ബിരുദം നേടി. 1973-ൽ ശങ്കർ വാരികയിൽ ഇ. പി. ഉണ്ണിയുടെ ആദ്യ കാർട്ടൂൺ പ്രസിദ്ധീകരിച്ചു വന്നു. 1977-ൽ ദി ഹിന്ദുവിൽ കാർട്ടൂൺ പ്രസിദ്ധീകരിച്ചു തുടങ്ങി. ഈ കാലയളവിൽ സൺഡേ ടൈംസിലും ഇക്കോണമിക് ടൈംസിലും പ്രവർത്തിച്ചു. ഇന്ത്യൻ എക്സ്പ്രസിലെ ചീഫ് രാഷ്ട്രീയ കാർട്ടൂണിസ്റ്റാണ്. മലയാള വാരികകളിലും മാസികകളിലും ഇ. പി. ഉണ്ണിയുടെ കാർട്ടൂണുകൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

## എസ്. ഗോപാലകൃഷ്ണൻ



കോട്ടയം സ്വദേശി. കോട്ടയം സി. എം. എസ്. കോളേജിൽ നിന്നും ഗണിതശാസ്ത്ര ബിരുദവും കോഴിക്കോട് സർവകലാശാലയിൽ നിന്നും തത്ത്വചിന്തയിൽ ബിരുദാനന്തരബിരുദവും. ആകാശവാണി, സഹപീഡിയ എന്നിവയിൽ ദില്ലിയിൽ ദീർഘകാലം പ്രവർത്തിച്ചു. സമകാലിക മലയാളം വാരികയിൽ 'ചെവി ഓർക്കുമ്പോൾ' എന്ന സംഗീതസംബന്ധിയായ പംക്തിയും എഴുതി വരുന്നു.

'കഥപോലെ ചിലതു സംഭവിക്കുമ്പോൾ' എന്ന പുസ്തകത്തിന് കേരള സാഹിത്യ അക്കാദമി എൻഡോവ്മെന്റ് അവാർഡ് ലഭിച്ചു. ഖുശ്വന്ത് സിങ്ങിന്റെ 'The Train to Pakistan' മലയാളത്തിലേക്ക് വിവർത്തനം ചെയ്തു. ഇപ്പോൾ യു. എ. ഇ. കേന്ദ്രമാക്കിയുള്ള റേഡിയോ മാംഗോയിൽ ഹെഡ് പ്രോഗ്രാം ആയി പ്രവർത്തിക്കുന്നു.

(വിവരങ്ങൾക്ക് വിക്കിപ്പീഡിയയോട് കടപ്പാട്.)

## പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <info@sayahna.org>.
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്കോ, ഈ വെബ് പേജിൽ കമ്മന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.